"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ, പാപ്പിനിവട്ടം എ.എം.യു.പി.എസ് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4312/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. തൃശ്ശൂർ, പാപ്പിനിവട്ടം എ.എം.യു.പി.എസ് മാനേജർ സമർപ്പിച്ച 05.08.2024-ലെ റിവിഷൻ അപ്പീൽ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.03.2025-ലെ DGE/20366/2024-E5 നമ്പർ കത്ത്.
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.04.2025-ലെ ഡിഡിഇ/ടിഎസ്ആർ/508/2024-ബി5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പാപ്പിനിവട്ടം എ.എം.യു.പി.എസ് ലെ ജൂനിയർ അറബിക് അദ്ധ്യാപികയായുള്ള ശ്രീമതി. റംസീല. പി.ആർ ന്റെ നിയമനം 01.10.2022 മുതൽ അംഗീകരിച്ച് ഉത്തരവാകാൻ കൊടുങ്ങല്ലൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജർ പരാമർശം (1) റിവിഷൻ അപ്പീൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പാപ്പിനിവട്ടം എ.എം യു.പി സ്കൂളിൽ, 2022-23 അദ്ധ്യയന വർഷത്തെ അധിക ജൂനിയർ അറബിക് അദ്ധ്യാപിക തസ്തികയിൽ 29.08.2022 മുതൽ ശ്രീമതി പി.ആർ റംസീലയെ മാനേജർ നിയമിച്ചു. 2022-23 അദ്ധ്യയന വർഷത്തെ തസ്തികനിർണ്ണയം പ്രകാരം എൽ.പി വിഭാഗത്തിൽ ഒരു അധിക ജൂനിയർ അറബിക് ടീച്ചർ തസ്തിക സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും, എന്നാൽ അധിക തസ്തികകൾക്ക് ഒക്ടോബർ ഒന്ന് മുതൽ മാത്രമാണ് പ്രാബല്യം. അപ്രകാരം നിയമനത്തീയതിയിൽ നിയമനത്തിനുള്ള തസ്തിക ലഭ്യമല്ല, കൂടാതെ നിയമനാർത്ഥി ചട്ടപ്രകാരമുള്ള അവകാശിയല്ല. കൂടാതെ 2022-23 അദ്ധ്യയന വർഷം മുതൽ അധിക തസ്തികയുടെ പ്രാബല്യം ഒക്ടോബർ ഒന്ന് മുതലാണ് എന്നതിനാൽ തന്നെ പ്രസ്തുത തീയതി മുതൽ മാത്രമേ സ്ഥിര നിയമനം നടത്താൻ സാധിക്കുകയുള്ളു. അധിക തസ്തികയിലെ നിയമനം ആയതിനാൽ, 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടതാണ് എന്നിരിക്കെ ആയത് മാനേജർ പാലിച്ചിട്ടില്ലാത്തതിനാലാണ് ശ്രീമതി പി.ആർ റംസീലയുടെ നിയമനം നിരസിച്ചത്.

3) പാപ്പിനിവട്ടം എ.എം.യു.പി.എസിൽ മാനേജർ കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 21,

ചട്ടം 7(2) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി മാനേജർ തസ്തിക വിട്ടു നൽകിയിട്ടില്ല. എച്ച്.ടി വി തസ്തികയിൽ മാത്രമാണ് ഒരു സംരക്ഷിതാദ്ധ്യാപിക ജോലി ചെയ്തു വരുന്നത്. കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 21, ചട്ടം 7 (2) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി മാനേജർ വിട്ടുനൽകുന്ന ജൂനിയർ അറബിക് തസ്തികകളിലേക്ക് നിയമിക്കുവാൻ തൃശ്ശൂർ ജില്ലയിൽ, ജില്ലയ്ക്ക് പുറത്ത് പുനർവിന്യസിച്ചിട്ടുള്ള ആറ് ജൂനിയർ അറബിക് അദ്ധ്യാപകർ ഉണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ടി സാഹചര്യത്തിൽ ജൂനിയർ അറബിക് അധ്യാപക തസ്തികയിൽ നിയമനത്തിന് യോഗ്യരായ പ്രൊട്ടക്ടഡ് അധ്യാപകർ ആരുംതന്നെ ഇല്ലെന്ന ഹർജികാരന്റെ വാദഗതി നിലനില്ക്കുന്നതല്ല.

4) മേൽ സാഹചര്യത്തിൽ അധിക തസ്തികയിലെ നിയമനം ആയതിനാൽ, കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 21, ചട്ടം 7 (2) പ്രകാരമുള്ള വ്യവസ്ഥകൾ മാനേജർ പാലിക്കേണ്ടതാണ്, ആയത് മാനേജർ പാലിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി. റംസീല. പി.ആർ ന്റെ നിയമനം 01.10.2022 മുതൽ അംഗീകരിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ല, ആയതിനാൽ മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ അപ്പീൽ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊടുങ്ങല്ലൂർ.
മാനേജർ, എ.എം.യു.പി.എസ് പാപ്പിനിവട്ടം, മതിലകം പി.ഒ, തൃശ്ശൂർ - 680 685
പ്രധാനാദ്ധ്യാപകൻ, എ.എം.യു.പി.എസ് പാപ്പിനിവട്ടം, മതിലകം പി.ഒ, തൃശ്ശൂർ - 680 685
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 28-06-2025 10:01:49